## ഓട്ടം ഓടുവാനുള്ള മാർഗം—യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു

### I. "യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു"

- "യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു" എന്ന് തർജമ ചെയ്തി രിക്കുന്ന യവനപദം, മറ്റെല്ലാ വസ്തുക്കളിൽ നിന്നും തിരിഞ്ഞുകൊണ്ട്, അവിഭക്തമായ ശ്രദ്ധയോടെ നോക്കുന്നതിനെ കുറിക്കുന്നു
- സ്വർഗീയ ക്രിസ്തുവിനെ നാം ആസ്വദിക്കണമെങ്കിൽ, ഭൂമിയിലുള്ള എല്ലാ കാര്യങ്ങളിൽനിന്നും നാം അവങ്കലേക്ക് നോക്കണം
- സ്വർഗത്തിൽ സിംഹാസനസ്ഥനായ, തേജസ്സും ബഹു മാനവുംകൊണ്ട് കിരീടമണിഞ്ഞ അത്ഭുതവാനായ യേശു, പ്രപഞ്ചത്തിലെ ഏറ്റവും വലിയ ആകർഷണമാണ്.
- നമുക്കു മുമ്പാകെ വെച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുത തയോടെ ഓടേണ്ടതിന്, അവന്റെ കമനീയ സൗന്ദര്യ ത്താൽ ആകർഷിക്കപ്പെടുന്നതിലൂടെ നാം അവന ല്ലാത്ത മറ്റെല്ലാ കാര്യങ്ങളിൽനിന്നും നോട്ടം മാറ്റുന്നു

## ഓട്ടം ഓടുന്നതിന്റെ ലക്ഷ്യം—സമ്മാനം നേടുന്നത്

### II. ക്രിസ്തീയ ജീവിതം ഒരു ഓട്ടമാണ്; രക്ഷിക്കപ്പെട്ട ഓരോ ക്രിസ്ത്യാനിയും സമ്മാനം നേടുന്നതിനായി ഓട്ടം ഓടണം

- സമ്മാനം എന്നത് പൊതുവായ അർഥത്തിലുള്ള രക്ഷയല്ല, അത് പ്രത്യേക അർഥത്തിലുള്ള ഒരു പ്രതിഫലമാണ്
- പൗലൊസ് ഓട്ടം ഓടി സമ്മാനം നേടി
  - തടസ്സപ്പെടുത്തുന്ന ഭാരവും, കുരുക്കുന്ന പാപവും, യേശുവിനെ അനുഗമിക്കുക എന്ന പുതിയ ഉടമ്പടി യിൻ മാർഗത്തിൽ, സ്വർഗീയ ഓട്ടം ഓടുന്നതി ൽനിന്ന് തടസ്സപ്പെടുത്തുകയും പിടിച്ചു നിർത്തു കയും ചെയ്യുന്നു
  - ദൈവസ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹി ഷ്ണുതയിലേക്കും നമ്മുടെ ഹൃദയങ്ങളെ നയിക്കു വാൻ കർത്താവിനോട് അപേക്ഷിച്ചുകൊണ്ട്, നാം സഹിഷ്ണുതയോടെ ഓടേണ്ടതുണ്ട്
  - സ്നേഹം, ദൈവത്തോടുള്ള നമ്മുടെ സ്നേഹ മാണ്. സഹിഷ്ണുത, നാം ആസ്വദിക്കുകയും അനുഭവമാക്കുകയും ചെയ്ത ക്രിസ്തുവിന്റെ സഹിഷ്ണുതയോടുകൂടെ സഹിക്കുന്നതാണ്

## ഓട്ടം ഓടുന്നതിന് നമുക്ക് ആവശ്യമായ വിശ്വാസം—ക്രിസ്തു താൻതന്നെ

### III. യേശു വിശ്വാസത്തിന്റെ കാരണഭൂതൻ, തുടക്കമിടുന്ന വൻ, ആരംഭകൻ, സ്രോതസ്സ്, വിശ്വാസത്തിന്റെ കാരണം

- വിശ്വാസികളുടെ വിശ്വാസം യഥാർഥത്തിൽ അവരുടെ സ്വന്തം വിശ്വാസമല്ല, അവരുടെ വിശ്വാസമാകാൻ ക്രിസ്തു അവരിലേക്ക് പ്രവേശിക്കുന്നതാണ്
  - നമ്മുടെ വിശ്വാസം ക്രിസ്തുവിന്റെ ആകർഷണ ത്തോടുള്ള പ്രതികരണമായി നാം അവനെ വിലമതിക്കുന്നതാണ്
  - നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, അവൻ നമ്മെ അവനെക്കൊണ്ടുതന്നെ, അവന്റെ വിശ്വസിക്കുന്ന മൂലകംകൊണ്ടുതന്നെ സന്നിവേശിപ്പിക്കുന്നു.
- വിശ്വാസം എന്നത് സാരാംശീകരിക്കുവാനുള്ള കഴിവ്, അതായത്, കാണാത്തതോ പ്രത്യാശിക്കുന്നതോ ആയ കാര്യങ്ങളെ നാം സാരാംശീകരിക്കുന്ന, സാരാംശം നൽകുന്ന ഇന്ദ്രിയമായ, "ആറാം ഇന്ദ്രിയമാണ്"
  - ഒരു സാരാംശത്തെ യാഥാർഥ്യവൽക്കരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന കഴിവാണ് സാരാംശീകരണം.
  - നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ, നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനെ നാം പ്രയോഗിക്കണം
  - കാണുന്നതും താൽക്കാലികവുമായ കാര്യങ്ങളെ യല്ല, കാണാത്തതും നിത്യവുമായ കാര്യങ്ങളെ യാണ് നാം കരുതുന്നത്.
  - കാണാത്ത കാര്യങ്ങളിൽനിന്ന് കാണുന്ന കാര്യങ്ങളിലേക്കുള്ള അധഃപതനമാണ് സഭയുടെ അധഃപതനം. കാണുന്ന കാര്യങ്ങളിൽനിന്ന് കാണാ ത്ത കാര്യങ്ങളിലേക്ക് തന്റെ സഭയെ പ്രത്യുദ്ധരിക്കു ന്നതാണ് കർത്താവിന്റെ പ്രത്യുദ്ധാരം
  - ദൈവം ആകുന്നു എന്നും, നാം അല്ല എന്നും വിശ്വസിക്കുന്നതാണ് വിശ്വാസം
  - ഇതാണ് വിശ്വാസം—"ഓ! ഒന്നുമില്ലാത്തതിന്റെയും ഒന്നുമല്ലാത്തതിന്റെയും, തേജസ്സിൽ ജീവനുള്ള ക്രിസ്തുവിനെ മാത്രം കാണുന്നതിന്റെയും, ഇവിടെ അവന്റെ താൽപ്പര്യങ്ങൾ ഒഴികെ മറ്റൊന്നിനും വേണ്ടി കരുതാതിരിക്കുന്നതിന്റെയും സന്തോഷം"—ജെ.എൻ. ഡാർബി

## ഓട്ടം ഓടുന്നതിന് നമുക്ക് ആവശ്യമായ വിശ്വാസത്തെ തികയ്ക്കുന്നവനും, പൂർത്തീകരിക്കുന്നവനും, പൂർണമാക്കുന്നവനും—ക്രിസ്തു

### IV. യേശു നമ്മുടെ വിശ്വാസത്തെ തികയ്ക്കുന്നവനും, പൂർത്തീകരിക്കുന്നവനും, പൂർണമാക്കുന്നവനുമാണ്

- നാം നിരന്തരം അവങ്കലേക്ക് നോക്കുമ്പോൾ, സ്വർഗീയ ഓട്ടം ഓടുന്നതിന് നമുക്ക് ആവശ്യമായ വിശ്വാസം അവൻ പൂർത്തിയാക്കുകയും പൂർണമാക്കുകയും ചെയ്യും
- നാം അവങ്കലേക്ക് നോക്കുമ്പോൾ, അവൻ താൻ ആയിരിക്കുന്നതെല്ലാംകൊണ്ട് നമ്മെ സന്നിവേശിപ്പി ക്കുകയും നിവേശിപ്പിക്കുകയും ചെയ്ത്, നമുക്ക് സ്വർഗവും ജീവനും ശക്തിയും ശുശ്രൂഷിക്കുന്നു, അങ്ങനെ നമുക്ക് സ്വർഗീയ ഓട്ടം ഓടാനും ഭൂമിയിൽ സ്വർഗീയ ജീവിതം നയിക്കുവാനും കഴിയുന്നു
- ഗുണമേന്മയിൽ നമുക്കെല്ലാവർക്കും ഒരേ വിശ്വാസമാണുള്ളത്, എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ അളവ്, ജീവനുള്ള ദൈവം നമ്മിൽ വർദ്ധിക്കേണ്ടതിന് നാം എത്രമാത്രം അവനെ ബന്ധപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു
  - അത്തരമൊരു വിശ്വാസം ലഭിക്കാനുള്ള മാർഗം അതിന്റെ ഉറവിടമായ കർത്താവിനെ, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും, അവനോട് പ്രാർഥിക്കുകയും, അവന്റെ വചനം പ്രാർഥന-വായന ചെയ്യുകയും ചെയ്യുന്നതിലൂടെ അവനെ ബന്ധപ്പെടുന്നതാണ്
- നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവ്, നമ്മുടെ വിശ്വാസത്തിന്റെ ആത്മാവാണ്, അതാണ് സാത്താൻ സംഘടിതവും അപഹരിക്കപ്പെട്ടതുമായ ലോകത്തെ ജയിച്ച ജയം
- കർത്താവിനുവേണ്ടി കഷ്ടമനുഭവിക്കുവാനും, തങ്ങ ളുടെ ജീവനെ അപായപ്പെടുത്തുവാനും, വിശ്വാസത്തി ലുള്ള ദൈവവ്യവസ്ഥ നടപ്പാക്കുന്നതിനായി ജയാളിക ളായ അയയ്ക്കപ്പെട്ടവരും രക്തസാക്ഷികളും ആയിത്തീരുവാനുമായി വിശ്വാസത്തിന്റെ അത്യാവേശഭരിതവും പരിധിയില്ലാത്തതുമായ ശക്തി ആയിരങ്ങളെ പ്രചോദിപ്പിക്കുന്നു